# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 525 - 07.01.2014-ലെ മറുപടിക്ക്

### വൻകിട സ്വപ്ന പദ്ധതികൾക്കായുള്ള ഉന്നതതല സമിതി

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ വൻകിട സ്വപ്ന പദ്ധതികൾക്ക് പണം വിനിയോഗിക്കുന്നതിനായി ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(ബി) പ്രസ്തുത സമിതിയുടെ ഘടന സംബന്ധിച്ചുള്ള വിവരങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സംസ്ഥാനത്തെ പ്രധാനപ്പെട്ട 10 അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ (കൊച്ചി മെട്രോ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ, ഹൈസ്പീഡ് റെയിൽ കോറിഡോർ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ) സുഗമവും സമയ ബന്ധിതവുമായ നടത്തിപ്പിനായി ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 08.10.2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 51/2013/പ്ലാനിംഗ് പ്രകാരം ധനകാര്യ സെക്രട്ടറി ചെയർമാനായി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ആസൂത്രണ - സാമ്പത്തികകാര്യം, വ്യവസായം, ഗതാഗതം, കായികവും യുവജനക്ഷേമവും, തുറമുഖം എന്നീ വകുപ്പ് സെക്രട്ടറിമാരും ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും അംഗങ്ങളും, ബന്ധപ്പെട്ട വകുപ്പ് തലവൻമാർ പ്രത്യേക ക്ഷണിതാക്കളുമാണ്. |

| | |
|---|---|
| (സി) കമ്മിറ്റിയുടെ ദൗത്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | മേൽപ്പറഞ്ഞ പ്രധാനപ്പെട്ട 10 വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേഗത്തിൽ ഭരണാനുമതി നൽകുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പദ്ധതി പൂർത്തികരണത്തിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതാണ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ചുമതലകൾ. |
| (ഡി) പ്രസ്തുത വൻകിട പദ്ധതികൾക്ക് യഥാസമയം പണം ലഭ്യമാക്കുന്നതിനും അവക്ക് നീക്കിവച്ച തുക ലാപ്സാകാതെ യഥാസമയം വിനിയോഗിക്കുന്നതിനുമായി എന്തെല്ലാം മാർഗ്ഗങ്ങളാണ് ദൗത്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പുകൾ സമർപ്പിക്കുന്ന ക്രമത്തിൽ സമിതി പരിശോധിച്ച് അംഗീകരിക്കുകയും ഭരണാനുമതി, തുക അനുവദിക്കൽ, പദ്ധതി പൂർത്തീകരിക്കേണ്ട സമയക്രമം എന്നിവ ശുപാർശ ചെയ്യുകയും ഓരോ പദ്ധതികളുടെയും ആവശ്യമനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്നതാണ്. ഇതുവഴി പദ്ധതികൾക്കായി നീക്കി വെച്ച തുക ലാപ്സാവാതെയും വേഗത്തിലും പദ്ധതികൾ പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**